## കേരളച്ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നമ്പർ. ജി 9 - 5677/2020 തീയതി 02.02.2021

### സർക്കുലർ നമ്പർ 43/2020-21

വിഷയം :- കേരളച്ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് ഇ സി സി ആനുകൂല്യം / നഷ്ട പരിഹാരം കണക്കാക്കുന്നതിനു പ്രതിമാസ വേതന പരിധി 15000/- രൂപയായി ഉയർത്തി നിജപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന: (1) The gazette of India: extraordinary No. 69 dt. 03.01.2020.[ Par II – Sec 3(ii)]

Ministry of Labour and Employment Notification number S.O. 71E dated 3rd Jan 2020

(2) 28.07.2020 ലെ 511-)മത് ബോർഡ് യോഗ തീരുമാന നമ്പർ 52.

(3) 18.01.2021 ലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ എച്ച്3 - 148/2020 /തൊഴിൽ നമ്പർ കത്ത്

തൊഴിലിനിടയിലും തൊഴിലിനോടനുബന്ധിച്ചും നടക്കുന്ന അപകടങ്ങൾക്ക് തൊഴിലാളികൾക്ക് എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, 1923 പ്രകാരം കേന്ദ്ര തൊഴിൽ മന്ത്രാലയം കാലാകാലങ്ങളിൽ ഇറക്കുന്ന ഗസറ്റ് വിജ്ഞാപനമനുസരിച്ച് ആനുകൂല്യം / നഷ്ടപരിഹാരം എന്നിവ കണക്കാക്കുന്നതിന് ശരാശരി പ്രതിമാസ വേതന പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. നിലവിൽ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സൂചന (1) ലെ ഗസറ്റ് വിജ്ഞാപന പ്രകാരം ശരാശരി പ്രതിമാസ വേതന പരിധി 8000/- രൂപയിൽ നിന്ന് 15000/- രൂപയായി 03.01.2020 തീയതി പ്രാബല്യത്തിൽ വർധിപ്പിച്ച് നിജപ്പെടുത്തിയിട്ടുണ്ട്.

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിൽ നിന്നുള്ള 18.01.2021 തീയതിയിലെ എച്ച് 3-148/2020/തൊഴിൽ നമ്പർ കത്ത് പ്രകാരം കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, 1923 പ്രകാരം അപകടത്തിൽ പരിക്കേറ്റ / മരണപ്പെട്ട തൊഴിലാളികൾക്ക് നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള ശരാശരി പ്രതിമാസ വേതന പരിധി 8000/- രൂപയിൽ നിന്ന് 15000/- രൂപയായി വർധിപ്പിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് നൽകുന്ന 1923 ലെ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള ആനുകൂല്യം / നഷ്ടപരിഹാരം എന്നിവ കണക്കാക്കുന്നതിന് ശരാശരി പ്രതിമാസ വേതന പരിധി 8000/- രൂപയിൽ നിന്ന് 15000/-രൂപയായി 03.01.2020 തീയതി പ്രാബല്യത്തിൽ വർധിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്(ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാജില്ലാ കമ്മിറ്റി ചെയർമാൻമാരും/
കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും
(എല്ലാ ഉപകാര്യാലയങ്ങളിലേക്കും സർക്കുലർ സഹിതം
വിവരം അറിയിക്കുന്നതിനുവേണ്ട നടപടികൾ അതാതു
ജില്ലാ കമ്മിറ്റി ചെയർമാൻമാർ സ്വീകരിക്കേണ്ടതാണ്.)

പകർപ്പ്

ഫിനാൻസ് ഓഫീസർ/സെക്രട്ടറി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം
അക്കൗണ്ട്സ് ഓഫീസർ (ഡബ്ല്യു& ഇ, പി &എ, ഐഎ, സ്കാറ്റേർഡ്)
ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്
(എസ്റ്റാബ്ലിഷ്മെന്റ്, ഫിനാൻസ്, സ്കാറ്റേർഡ്, വെൽഫെയർ, ഓഡിറ്റ്, ക്യാഷ്)
കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്